# അമേരിക്കയിൽ പാരിസ്ഥിതിക വിവേചനം

**ഡാനിയേൽ നൈറ്റ്**

വികസ്വര രാജ്യങ്ങളെ മനുഷ്യാവകാശ ലംഘനങ്ങളുടെ പേരുപറഞ്ഞ് കുറ്റപ്പെടുത്തുകയെന്നത് അമേരിക്കയുടെ ഒരു സ്ഥിരം പരിപാടിയാണ്. പക്ഷേ, അമേരിക്കയിലെ സ്ഥിതി ഒട്ടും മെച്ചമല്ല. അവിടുത്തെ ആഫ്രിക്കൻ വംശജരായ കറുത്തവർക്കുനേരെ കടുത്ത 'പാരിസ്ഥിതിക വിവേചനം' സർക്കാർ നടത്തുന്നുവെന്നാണ് കറുത്തവരുടെ പല സംഘടനകളും കുറ്റപ്പെടുത്തുന്നത്. കൂറ്റൻ ഫാക്ടറികളും മറ്റും പുറത്തുവിടുന്ന വിഷലിപ്ത മാലിന്യങ്ങൾ കൊണ്ടുതള്ളുന്നത് കറുത്തവർ താമസിക്കുന്ന മേഖലകളിലാണ്. മലിനീകരണം പരത്തുന്ന ഫാക്ടറികൾ കൂടുതൽ പ്രവർത്തിക്കുന്നതും ഈ മേഖലകളിലാണ്.

ആഫ്രിക്കൻ വംശജരും ചെറുവരുമാനക്കാരും ജീവിച്ചുപോരുന്ന മേഖലകളിൽ യാതൊരുവിധ ഔചിത്യവുമില്ലാതെ അമേരിക്കൻ കാട്ടിക്കൂട്ടുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരേ ജനീവയിലെ മനുഷ്യാവകാശ കമ്മിഷനു മുമ്പാകെ പരാതിപ്പെടുവാനുള്ള തയാറെടുപ്പിലാണ് ഈ മേഖലയിലെ പരിസ്ഥിതി സംഘടനകളിപ്പോൾ. യു.എസിൽ നടക്കുന്ന 'പാരിസ്ഥിതിക വിവേചന'ത്തിനെതിരേ ലോകമനഃസാക്ഷി ഉണർത്തുകയെന്ന ലക്ഷ്യവുമായിട്ടാണിവർ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്.

'പാരിസ്ഥിതിക വിവേചന'ത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ആഫ്രിക്കൻ വംശജർ തിങ്ങിപ്പാർക്കുന്നത് മിസിസിപ്പി നദി തടങ്ങളിലാണ്. ലൂയിസ്യാന സംസ്ഥാനത്തിലാണ് ഈ പ്രദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നത്. കാൻസർ വീഥി എന്ന അപരനാമത്തിലാണ് ഈ പ്രദേശം അറിയപ്പെടുന്നത്. ഈ നദീതടത്തിൽ ഏതാണ്ട് 140ൽപരം എണ്ണ ശുദ്ധീകരണശാലകളും കെമിക്കൽ കമ്പനികളുമുണ്ട്. സംസ്ഥാന ആരോഗ്യ - പരിസ്ഥിതി ഏജൻസികൾ ഈ പ്രദേശത്തെ നദീമുഖങ്ങളും ജലപാതകളും മറ്റും വ്യവസായ മാലിന്യങ്ങളാൽ വിഷലിപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആൾഡ്രിൻ, ക്ലോർ ഡെയ്ൻ, ഡി.ഡി.ടി., ഡയോക്സിൻസ് മുതലായ മാലിന്യങ്ങളാണ് ഇവിടെ അധികമായി കണ്ടെത്തിയിട്ടുള്ളത്.

ഈയിടുത്തകാലത്ത് കറുത്ത വംശജരുടെയിടയിൽ പി.വി.സി. കമ്പനികൾ തുടങ്ങുവാനുള്ള നീക്കം ചൂടുപിടിച്ച നിയമയുദ്ധങ്ങൾക്ക് കാരണമായി. പി.വി.സി.യുടെ ഉത്പാദനം അനവധി വിഷമാലിന്യങ്ങൾ പുറന്തള്ളും. ഇവയിൽ പലതും കാൻസർ രോഗം വരുത്തുന്നവയാണ്. ജപ്പാൻ കേന്ദ്രമായിട്ടുള്ള ഷിൻടെക് കമ്പനിയാണ് 700 ദശലക്ഷം ഡോളർ ചെലവിൽ പി.വി.സി. കമ്പനി തുടങ്ങുവാൻ പദ്ധതിയിട്ടത്. ലൂയിസ്യാന സംസ്ഥാനത്തെ കോൺവന്റ് എന്ന പ്രദേശത്താണ് ഈ കമ്പനി തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. കറുത്തവംശജർക്ക് ഒട്ടേറെ തൊഴിലവസരം ഈ കമ്പനി നല്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ ഇവിടുത്തെ പരിസ്ഥിതി പ്രവർത്തകർ യു.എസ്. പരിസ്ഥിതി സംരക്ഷണ ഏജൻസിയുടെ സഹായത്തോടെ ഷിൻടെക് കമ്പനിയുടെ മോഹങ്ങൾക്ക് തടയിട്ടു. കോൺവന്റിൽ തോറ്റു പിന്മാറിയ ഷിൻടെക് കമ്പനി പദ്ധതിയുമായി പ്ലാക്ക്യുമൈൻ നഗരത്തിലേക്ക് ചേക്കേറിയിരിക്കുകയാണ്.

അമേരിക്കയുടെ തെക്ക് - പടിഞ്ഞാറെ ഭാഗത്തുള്ള ആഫ്രിക്കൻ വംശരും പരിസ്ഥിതി വിവേചനത്തിന് വിധേയരാണ്. ഈ പ്രദേശത്തെ മോസ്‌വില്ലെ നഗരത്തിലെ കറുത്തവർക്ക് തങ്ങളുടെ പരമ്പരാഗത തൊഴിലുകളായ പുകൃഷി, മത്സ്യബന്ധനം, നായാട്ട് തുടങ്ങിയ തൊഴിലുകളെടുത്ത് ജീവിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന പെട്രോകെമിക്കൽ ഫാക്ടറികളാണ് ഇതിനു കാരണം. വായുവും വെള്ളവും മലിനീകരിക്കപ്പെട്ടതിനെ തുടർന്നു ഈ നഗരത്തിലെ 4ൽ 1 ഭാഗം പേർ താമസം മാറ്റുകപോലുമുണ്ടായി.

ന്യൂ ഓർലിയൻസ് സിറ്റിക്ക് പുറത്ത് താഴ്ന്ന വരുമാനക്കാരായ കറുത്തവംശജർ താമസിക്കുന്ന ചടങ്ങിൽ ഒട്ടേറെ ആരോഗ്യപ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. കറുത്തവംശജരുടെ വീടുകളുടെ തറകൾ കേടുപാടുകൾ വരുന്നതായി കണ്ടെത്തിയതിനെ തുടർന്ന് അന്വേഷിച്ചപ്പോഴാണ് ഒരു സത്യം മനസിലായത്. ദീർഘകാലമായി വിഷമാലിന്യങ്ങൾ നിക്ഷേപിച്ചിരുന്ന സ്ഥലങ്ങൾ തൂർത്ത ഒരു സ്ഥലമായതുകൊണ്ടാണത്രെ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. കറുത്ത വംശജർക്ക് നേരിടേണ്ടിവരുന്ന ദുരന്തമെന്നല്ലാതെയെന്തുപറയാൻ!

(കടപ്പാട്: തേഡ് വേൾഡ് നെറ്റ് വർക്ക്)